16
ഫെബ്രുവരി 2024

# കടലാസ്

ക്യാമ്പസിന്റെ ശബ്ദം

publication by journalism students of LISSAH

4TH ESTATE
THE JOURNALISM STUDENTS OF
LISSAH

## മണിക്കൂറുകളോളം ചുരം മുടക്കി മൂന്നു വാഹനങ്ങൾ



താമരശ്ശേരി: ചുരത്തിൽ തിങ്കളാഴ്ച മൂന്നു വാഹനങ്ങൾ യന്ത്രത്തകരാറുമൂലം കുടുങ്ങിയതിനെ തുടർന്ന് മണിക്കൂറുകളോളംഗതാഗതം തടസ്സപ്പെട്ടു. തിങ്കളാഴ്ച പുലർച്ച മൂന്നരയോടെ ചുരം ആറാം വളവിനും ഏഴാം വളവിനുമിടയിലായി രണ്ട് ചരക്ക് ലോറികളാണ് കേടായി കുടുങ്ങിയത്. ഇതോടെ ചുരതത്തിൽ ഗതാഗതക്കുരുക്കിൽപ്പെട്ട് വാഹനങ്ങൾക്ക് കടന്നുപോകാൻ പറ്റാത്ത അവസ്ഥയിലായി.പൊലീസും ചുരം സംരക്ഷണ സമിതി പ്രവർത്തകരും ചേർന്ന് വൺവേ അടിസ്ഥാനത്തിൽ വാഹനങ്ങൾ കടത്തിവിടുന്നതിനിടെ ആറാം വളവിന് സമീപം മറ്റൊരു ലോറി കേടായി കുടുങ്ങിയതോടെ ഗതാഗതക്കുരുക്ക് രൂക്ഷമായി. പൊലീസും ചുരം സംരക്ഷണ സമിതി പ്രവർത്തകരും ചേർന്ന് വൺവേ അടിസ്ഥാനത്തിൽ വാഹനങ്ങൾ കടത്തിവിടുന്നതിനിടെ ആറാം വളവിന് സമീപം മറ്റൊരു ലോറി കേടായി കുടുങ്ങിയതോടെ ഗതാഗതക്കുരുക്ക് രൂക്ഷമായി. ഈ സമയം വൈത്തിരി മുതൽ രണ്ടാം വളവ് വരെ വാഹനങ്ങളുടെ നീണ്ട നിര രൂപപ്പെട്ടു.പന്ത്രണ്ടോടെ, കുടുങ്ങിയ ലോറികൾ മാറ്റിയെങ്കിലും ഗതാഗതക്കുരുക്കിന് അയവുണ്ടായില്ല. വൈകീട്ട് മൂന്നോടെയാടെയാണ് ഗതാഗതം പൂർണമായി പുനസ്ഥാപിക്കാനായത്.

## വയനാടൻ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചിട്ടു; ഇനിയൊരു അറിയിപ്പുണ്ടാകും വരെ തുറക്കില്ല



കൽപ്പറ്റ: വയനാട്ടിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചതായി അറിയിപ്പ്. ചീഫ് വൈൽഡ് ലൈഫ് വാർഡൻറേതാണ് ഉത്തരവ്. വന സംരക്ഷണസമിതി ജീവനക്കാരനെ കാട്ടാന കൊലപ്പെടുത്തിയ സാഹചര്യത്തിലാണ് നടപടി. ഇനിയൊരു അറിയിപ്പുണ്ടാകും വരെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ തുറക്കില്ലെന്നാണ് ഉത്തരവിലുള്ളത്. അതേസമയം, കാട്ടാനാക്രമണത്തിൽ കൊല്ലപ്പെട്ട പാക്കം സ്വദേശി പോളിന്റെ മൃതദേഹവുമായി നടത്തിയ പ്രതിഷേധത്തിലെ അക്രമസംഭവങ്ങളിൽ രണ്ടുപേർ അറസ്റ്റിലായി. വനംവകുപ്പ് വാഹനം ആക്രമിച്ച കേസിലാണ് രണ്ടുപേരെ അറസ്റ്റുചെയ്തതത്. കുറിച്ചിപ്പറ്റ സ്വദേശി ഷിജു, പുൽപ്പള്ളി സ്വദേശി വാസു എന്നിവരുടെ അറസ്റ്റാണ് പൊലീസ് രേഖപ്പെടുത്തിയത്. നാല് എഫ്ഐആർ രജിസ്റ്റർ ചെയ്ത പൊലീസ് നൂറോളം പേർക്കെതിരെ കേസ് എടുത്തിരുന്നു. അടുത്ത ദിവസങ്ങളിൽ കൂടുതൽ അറസ്റ്റിന് സാധ്യതയുണ്ട് പുൽപ്പള്ളിയിൽ അരങ്ങേറിയ അക്രമ സംഭവങ്ങളിൽ ജാമ്യമില്ല വകുപ്പുകൾ പ്രകാരമായിരിക്കും പൊലീസ് കേസ് എടുക്കുക. നിവനം വകുപ്പിൻറെ വാഹനം ആക്രമിച്ചു, ഉദ്യോഗസ്ഥരെ ആക്രമിച്ചു, മൃതദേഹം തടഞ്ഞു, പൊലീസ് ഉദ്യാഗസ്ഥരെ കല്ലെറിഞ്ഞു തുടങ്ങിയ കുറ്റങ്ങൾ പ്രതിഷേധക്കാർക്കെതിരെ ചുമത്താൻ തീരുമാനിച്ചിട്ടുണ്ട്.

## താമരശ്ശേരിയിൽ മയക്കുമരുന്ന് വേട്ട; മൂന്നുപേർപിടിയിൽ

താമരശ്ശേരി: താമരശ്ശേരിയിൽ വിൽപനക്കായി സൂക്ഷിച്ച മാരക ലഹരിമരുന്നായ എം.ഡി.എം.എയുമായി മൂന്നുപേർ പൊലീസ് പിടിയിലായി.

താമരശ്ശേരി കാരാടി വിളയാറചാലിൽ സായുജ് എന്ന കുട്ടാപ്പി (33), കാരാടി പുല്ലോറയിൽ ലെനിൻരാജ് (34), പെരുമ്പള്ളി പേട്ടയിൽ സിറാജ് (28) എന്നിവരെയാണ് ഓടക്കുന്നുവെച്ച് അറസ്റ്റ് ചെയ്തത്. മയക്കുമരുന്ന് ചില്ലറ വിൽപനക്കായി പാക്ക് ചെയ്യുന്നതിനിടെയാണ് ഇവർ പിടിയിലായതെന്നും 22 ഗ്രാം എം.ഡി.എം.എ, ഇലക്ട്രോണിക് ത്രാസ്, പ്ലാസ്റ്റിക് പാക്കിങ് കവറുകൾ എന്നിവ കണ്ടെടുത്തതായും പൊലീസ് പറഞ്ഞു. കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഇവർ വിൽപന നടത്തുന്നത്. ഒരു മാസം മുമ്പ് താമരശ്ശേരിക്കടുത്ത് അമ്പലമുക്കിൽ നാട്ടുകാരുടെ നേർക്ക് ലഹരി മാഫിയ സംഘത്തിന്റെ ആക്രമണം ഉണ്ടായിരുന്നു. അമ്പലമുക്ക് ലഹരി മാഫിയ സംഘത്തിൽപെട്ടവരുമായി സായുജിന് ബന്ധമുണ്ടെന്ന് പൊലീസ് അറിയിച്ചുപ്രതികളെ വെള്ളിയാഴ്ച താമരശ്ശേരി കോടതിയിൽ ഹാജരാക്കും. എസ്.ഐ രാജീവ് ബാബു, സംഘമാണ് പ്രതികളെ പിടികൂടിയത്.

## ഈങ്ങാപ്പുഴ സ്വദേശിനിക്ക് അമേരിക്കൻ സുഹൃത്ത് സ്വർണവും ഡോളറും അയച്ചു; തട്ടിയെടുത്തത് 15.25 ലക്ഷം രൂപ

താമരശ്ശേരി: സ്വർണവും ഡോളറും അടങ്ങി പാക്കറ്റ് കൈപ്പറ്റണമെന്ന് സന്ദേശമയച്ച് ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക അയപ്പിച്ച് വൻ തട്ടിപ്പ്. 15.25 ലക്ഷം രൂപ നഷ്ടമായെന്ന ഈങ്ങാപ്പുഴ സ്വദേശിനിയുടെ പരാതിയിൽ താമരശ്ശേരി പൊലീസ് ഐ.ടി ആക്ട് പ്രകാരം കേസെടുത്ത് അന്വേഷണം ആരംഭിച്ചു.പരാതിക്കാരിയുടെ അമേരിക്കയിലുള്ള സുഹൃത്തിന്റെ നാട്ടിലുള്ള ബന്ധുവിന് കൊടുക്കാനുള്ള ഒരു പാക്കറ്റ് കൈപ്പറ്റണമെന്ന് ആവശ്യപ്പെട്ട് 2023 ഡിസംബർ 26 നാണ് വാട്സാപ്പ് സന്ദേശമെത്തിയത്.

വർഷങ്ങൾക്കുമുമ്പ് ഒപ്പം ജോലി ചെയ്ത സുഹൃത്താണെന്നായിരുന്നു പറഞ്ഞത്.ബന്ധു നാട്ടിലില്ലാത്തതിനാൽ പരാതിക്കാരിയുടെ മേൽവിലാസത്തിൽ പാക്കേജ് അയക്കുമെന്നും ബന്ധു നാട്ടിൽ വന്നാൽ നൽകണമെന്നുമായിരുന്നു അറിയിച്ചത്.പരാതിക്കാരിക്കായി സ്വർണവും 60,000 യു.എസ് ഡോളറും വെച്ചിട്ടുണ്ടെന്നും അത് പുറത്തറിയിക്കരുതെന്നും പറഞ്ഞിരുന്നു.ഇതിന്റെ ഫോട്ടോയും അയച്ചുനൽകി.പിന്നീട് ഡൽഹിയിലെ കൊറിയർ കമ്പനിയിൽനിന്ന് എന്ന പേരിൽ ഫോൺ കോളെത്തി. ആദ്യം 30,000 രൂപയും പിന്നീട് 60,0000 രൂപയും കൊറിയർ ചാർജായി അടപ്പിച്ചു.സ്വർണവും പണവും കസ്റ്റംസ് കണ്ടെത്തിയെന്നും നികുതിയിനത്തിലും മറ്റുമായി വീണ്ടും പണമടയ്ക്കണമെന്നും വിളിച്ചവർ ആവശ്യപ്പെട്ടു. ഇങ്ങനെ 14 ലക്ഷത്തോളം രൂപയും ഡോളറും പലതവണയായി വാങ്ങി. ഡൽഹിയിലെ കനറാബാങ്കിലെയും ഫെഡറൽ ബാങ്കിലെയും ശാഖകൾ വഴിയാണ് പണം നൽകിയത്. ബന്ധു നാട്ടിലില്ലാത്തതിനാൽ പരാതിക്കാരിയുടെ മേൽവിലാസത്തിൽ പാക്കേജ് അയക്കുമെന്നും ബന്ധു നാട്ടിൽവന്നാൽ നൽകണമെന്നുമായിരുന്നു അറിയിച്ചത്. സ്വർണവും പണവും കസ്റ്റംസ് കണ്ടെത്തിയെന്നും നികുതിയിനത്തിലും മറ്റുമായി വീണ്ടും പണമടയ്ക്കണമെന്നും വിളിച്ചവർ ആവശ്യപ്പെട്ടു. ഇങ്ങനെ 14 ലക്ഷത്തോളം രൂപയും ഡോളറും പലതവണയായി വാങ്ങി. ഡൽഹിയിലെ കനറാബാങ്കിലെയും ഫെഡറൽ ബാങ്കിലെയും ശാഖകൾ വഴിയാണ് പണം നൽകിയത്.

വീ ും 10 ലക്ഷം രൂപകൂടി ആവശ്യപ്പെട്ടതോടെ ബാങ്കിൽ ബന്ധപ്പെടുകയും തട്ടിപ്പാണെന്ന് സ്ഥിരീകരിക്കുകയുമായിരുന്നു.പണം തിരികെ നൽകാതെയും സ്വർണവും ഡോളറുമടങ്ങിയതെന്ന് പറഞ്ഞ പാക്കറ്റ് എത്തിക്കാതെയും വഞ്ചിച്ചെന്നാണ് പുതുപ്പാടി സ്വദേശിനിയായ യുവതിയുടെ പരാതി. പരാതിയെക്കുറിച്ച് അന്വേഷിച്ച് വരികയാണെന്ന് താമരശ്ശേരി സി.ഐ പറഞ്ഞു.

## രാഹുൽ ഗാന്ധി വയനാട്ടിൽ; ആദ്യമെത്തിയത് ചാലിഗദ്ധയിൽ കൊല്ലപ്പെട്ട അജീഷിൻറെ വീട്ടിൽ



വയനാട്: ആനക്കൊലയിൽ നാട്ടുകാരുടെ പ്രതിഷേധം കനക്കുന്നതിനിടെ രാഹുൽ ഗാന്ധി എംപി വയനാട്ടിൽ.

രാവിലെ പടമല ചാലിഗദ്ധയിൽ കൊല്ലപ്പെട്ട അജീഷിൻറെ വീട് സന്ദർശിച്ചു കൊണ്ടായിരുന്നു തുടക്കം. വീടിനുള്ളിൽ പ്രവേശിച്ച രാഹുൽ ഗാന്ധി കുടുംബവുമായി സംവദിച്ചു. കനത്ത സുരക്ഷയുടെ നടുവിലായിരുന്നു സന്ദർശനം.ശനിയാഴ്ച വാരാണസിയിൽ വെച്ച് രാഹുൽ ഗാന്ധി തന്റെ ഭാരത് ജോഡോ ന്യായ് യാത്ര താൽക്കാലികമായി നിർത്തിയ ശേഷം കേരളത്തിലേക്ക് തിരിക്കുകയായിരുന്നു. തുടർന്ന് കഴിഞ്ഞ ദിവസം കാട്ടാന ആക്രമണത്തിൽമരിച്ച പാക്കത്തെ പോളിൻറെ വീടും, മൂടക്കൊല്ലിയിൽ കടുവ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രജീഷിൻറെ വീടും എംപി സന്ദർശിക്കും. ചികിത്സ കിട്ടാതെ മരിക്കുന്ന സ്ഥിതി ഇനിയുണ്ടാകരുതെന്നും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും പോളിന്റെ കുടുംബവും വയനാട് എംപിയോട് അഭ്യർത്ഥിച്ചു. കൽപ്പറ്റ പിഡബ്ല്യുഡി ഗസ്റ്റ് ഹൗസിൽ ജില്ലാ റിവ്യൂ മീറ്റിംഗിൽ പങ്കെടുത്ത ശേഷം ഉച്ചയോടെ ഹെലികോപ്റ്റർ വഴി രാഹുൽ കണ്ണൂർ വിമാനത്താവളത്തിലേക്ക് മടങ്ങും

